ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# ബാലവിവാഹ നിരോധന ആക്റ്റ്, 2006

(2007-ലെ 6-ാം നമ്പർ ആക്റ്റ്)

(2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്നപ്രകാരം)

# THE PROHIBITION OF CHILD MARRIAGE ACT, 2006

## (ACT No. 6 of 2007)

(As on 15th February, 2013)

വില : 28 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട്
തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

2013

## ആമുഖം

2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ബാലവിവാഹ നിരോധന ആക്റ്റ്, 2006 (2007-ലെ 6-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2013 ഏപ്രിൽ 5-ാം തീയതിയിലെ ഭാരതത്തിന്റെ അസാധാരണ ഗസറ്റ് XI-ാം ഭാഗം, I-ാം വകുപ്പ്, I-ാം വാല്യം, 7-ാം നമ്പരായി 1 മുതൽ 9 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50-ാം നമ്പർ ആക്റ്റ്)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരികപാഠമായിത്തീരുകയും ചെയ്തു.

പി. കെ. മൽഹോത്ര,

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Prohibition of Child Marriage Act, 2006 (Act No. 6 of 2007) as on 15th February, 2013 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 7, dated 5th April, 2013 on pages 1 to 9.

This authorised translation was published under the authority of the President of India under clause (a) of Section 2 of the Authoritative Texts (Central Laws) Act, 1973 (Act No. 50 of 1973) and on such publication it became the authoritative text of that Act in Malayalam.

P. K. MALHOTRA,

*Secretary to the Government of India.*

GCPT. 3/3430/2013

# ബാലവിവാഹ നിരോധന ആക്റ്റ്, 2006

(2007-ലെ 6-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം


| വകുപ്പുകൾ | | | പേജ് |
|---|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | .. | 1 |
| 2. | നിർവ്വചനങ്ങൾ | .. | 1 |
| 3. | ബന്ധത്തിലേർപ്പെടുന്ന കക്ഷി ഒരു ബാലനായതുകൊണ്ട് ഇച്ഛാനുസരണം ബാലവിവാഹങ്ങൾ അസാധുവാക്കാമെന്ന് | .. | 2 |
| 4. | ബാലവിവാഹത്തിലെ കരാറിലേർപ്പെടുന്ന സ്ത്രീ കക്ഷിയുടെ സംരക്ഷണത്തിനും അധിവാസത്തിനുമുള്ള വ്യവസ്ഥ | .. | 2 |
| 5. | ബാലവിവാഹങ്ങളിലുള്ള കുട്ടികളുടെ സൂക്ഷിപ്പും സംരക്ഷണവും | .. | 3 |
| 6. | ബാലവിവാഹത്തിൽ ജനിച്ച കുട്ടിയുടെ നിയമാനുസൃത പുത്രത്വം | .. | |
| 7. | 4-ാം വകുപ്പിന്റെയോ 5-ാം വകുപ്പിന്റെയോ കീഴിൽ പുറപ്പെടുവിച്ച ഉത്തരവുകൾ ഭേദഗതി ചെയ്യുന്നതിനുള്ള ജില്ലാ കോടതിയുടെ അധികാരം | .. | 3 |
| 8. | ഹർജി നൽകേണ്ടത് ഏതു കോടതിയിലായിരിക്കണമെന്ന് | .. | 3 |
| 9. | ഒരു ബാലികയെ വിവാഹം ചെയ്യുന്ന പ്രായപൂർത്തിയായ ആണിനുള്ള ശിക്ഷ | .. | 3 |
| 10. | ബാലവിവാഹം ചടങ്ങനുസരിച്ച് നിർവ്വഹിക്കുന്നതിനുള്ള ശിക്ഷ | .. | 4 |
| 11. | ബാലവിവാഹം ചടങ്ങനുസരിച്ച് നിർവ്വഹിക്കുന്നതിന് പ്രേരിപ്പിക്കുകയോ അനുവദിക്കുകയോ ചെയ്യുന്നതിനുള്ള ശിക്ഷ | .. | 4 |
| 12. | ചില സാഹചര്യങ്ങളിൽ ഒരു മൈനറായ ബാലന്റെ വിവാഹം അസാധുവായിരിക്കുമെന്ന് | .. | 4 |
| 13. | ബാലവിവാഹം നിരോധിച്ചുകൊണ്ട് ഇൻജങ്ഷൻ പുറപ്പെടുവിക്കാനുള്ള കോടതിയുടെ അധികാരം | .. | 4 |
| 14. | ഇൻജങ്ഷൻ ഉത്തരവുകളെ ഉല്ലംഘിച്ചുകൊണ്ടുള്ള ബാലവിവാഹങ്ങൾ അസാധുവായിരിക്കുമെന്ന് | .. | 6 |
| 15. | കുറ്റങ്ങൾ കോഗ്നൈസിബിളും ജാമ്യം കൊടുക്കാൻപാടില്ലാത്തതുമാകണമെന്ന് | .. | 6 |
| 16. | ബാലവിവാഹ നിരോധന ഉദ്യോഗസ്ഥൻ | .. | 6 |
| 17. | ബാലവിവാഹ നിരോധന ഉദ്യോഗസ്ഥർ പബ്ലിക്ക് സർവ്വെന്റുമാരായിരിക്കുമെന്ന് | .. | 7 |
| 18. | ഉത്തമ വിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം | .. | 7 |
| 19. | ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം | .. | 7 |
| 20. | 1955-ലെ 25-ാം ആക്റ്റിന്റെ ഭേദഗതി | .. | 8 |
| 21. | റദ്ദാക്കലും ഒഴിവാക്കലും | .. | 8 |

# ബാലവിവാഹ നിരോധന ആക്റ്റ്, 2006

(2007-ലെ 6-ാം നമ്പർ ആക്റ്റ്)

ബാലവിവാഹങ്ങളുടെ ചടങ്ങനുസരിച്ചുള്ള നിർവ്വഹണം തടയുന്നതിനുവേണ്ടിയും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ വിഷയങ്ങൾക്കുവേണ്ടിയും വ്യവസ്ഥ ചെയ്യുന്നതിനുമുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയേഴാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

*ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.*

1. (1) ഈ ആക്റ്റിന് ബാലവിവാഹ നിരോധന ആക്റ്റ്, 2006 എന്നു പേര് പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെ ഭാരതം മുഴുവൻ വ്യാപിക്കുന്നതും ഭാരതത്തിനു വെളിയിലും പുറമേയുള്ള എല്ലാ ഭാരത പൗരൻമാർക്കും കൂടി ഇത് ബാധകമാകുന്നതും ആണ്:

എന്നാൽ ഇതിൽ അടങ്ങിയിരിക്കുന്ന യാതൊന്നും യൂണിയൻ ഭരണ പ്രദേശമായ പോണ്ടിച്ചേരിയിലെ റെണോൻകാന്റുകൾക്ക് ബാധകമാകുന്നതല്ല.

(3) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിച്ചേക്കാവുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതും; വിവിധ സംസ്ഥാനങ്ങൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും ഏതെങ്കിലും സംസ്ഥാനത്തെ സംബന്ധിച്ച് ഈ ആക്റ്റിന്റെ പ്രാരംഭത്തെകുറിച്ചുള്ള ഏതെങ്കിലും വ്യവസ്ഥയിലെ ഏതെങ്കിലും പരാമർശത്തെ ആ വ്യവസ്ഥ ആ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുന്നതിന്റെ പരാമർശമായി അർത്ഥം കൽപിക്കേണ്ടതുമാണ്.

*നിർവ്വചനങ്ങൾ.*

2. ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) "ബാലൻ" എന്നാൽ ആണാണെങ്കിൽ ഇരുപത്തിഒന്ന് വയസ്സ് പൂർത്തിയാകാത്ത ഒരാൾ എന്നും പെണ്ണാണെങ്കിൽ പതിനെട്ട് വയസ്സ് പൂർത്തിയാകാത്ത ഒരാൾ എന്നും അർത്ഥമാകുന്നു.

(ഖ) "ബാലവിവാഹം" എന്നാൽ ബന്ധത്തിൽ ഏർപ്പെടുന്ന ഇരു കക്ഷികളിൽ ഒരാൾ ബാലനായിട്ടുള്ള ഒരു വിവാഹം എന്നർത്ഥമാകുന്നു ;

(ഗ) ഒരു വിവാഹത്തെ സംബന്ധിച്ചിടത്തോളം "ബന്ധത്തിൽ ഏർപ്പെടുന്ന കക്ഷി" എന്നാൽ ആരുടെ വിവാഹമാണോ അതുവഴി ചടങ്ങനുസരിച്ച് നിർവ്വഹിക്കപ്പെടുകയോ നിർവ്വഹിക്കപ്പെടാൻ പോവുകയോ ചെയ്യുന്നത് ആ ഇരുകക്ഷികളിൽ ഒരാൾ എന്നർത്ഥമാകുന്നു ;

(ഘ) "ബാലവിവാഹ നിരോധന ഉദ്യോഗസ്ഥൻ" എന്നതിൽ 16-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ബാലവിവാഹ നിരോധന ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നു ;

*1984-ലെ 66*

(ങ) "ജില്ലാകോടതി" എന്നാൽ, 1984-ലെ കുടുംബ കോടതികൾ ആക്റ്റിലെ 3-ാം വകുപ്പിൻകീഴിൽ സ്ഥാപിതമായ കുടുംബകോടതി നിലവിലുള്ള പ്രദേശത്ത് ആ കുടുംബകോടതിയും ഏതെങ്കിലും പ്രദേശത്ത്

കുടുംബ കോടതി ഇല്ലാതിരിക്കുകയും എന്നാൽ ഒരു സിറ്റി സിവിൽ കോടതി നിലവിലിരിക്കുകയും ചെയ്യുന്നിടത്ത് ആ കോടതിയും, മറ്റേതെങ്കിലും പ്രദേശത്ത് ആദ്യാധികാരിതയുള്ള പ്രിൻസിപ്പൽ സിവിൽ കോടതിയും എന്നർത്ഥമാകുന്നതും അതിൽ ഈ ആക്റ്റിൽ കൈകാര്യം ചെയ്യേണ്ട കാര്യങ്ങൾക്ക് അധികാരിതയുള്ളതായി സംസ്ഥാന സർക്കാരി നാൽ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, വിനിർദ്ദേശിക്കപ്പെടാവുന്ന മറ്റേതെങ്കിലും സിവിൽ കോടതി ഉൾപ്പെടുന്നതുമാകുന്നു ;

*1875-ലെ 9*

(ച) "മൈനർ" എന്നാൽ 1875-ലെ മെജോറിറ്റി ആക്റ്റിലെ വ്യവസ്ഥകൾക്കു കീഴിൽ അയാൾക്ക് പ്രായപൂർത്തി എത്തിയിട്ടില്ലെന്ന് കരുതപ്പെടേണ്ടതായ ഒരാൾ എന്നർത്ഥമാകുന്നു.

*ബന്ധത്തിലേർപ്പെടുന്ന കക്ഷി ഒരു ബാലനായതുകൊണ്ട് ഇച്ഛാനുസരണം ബാലവിവാഹങ്ങൾ അസാധുവാക്കാമെന്ന്.*

3. (1) ഏതൊരു ബാലവിവാഹവും ചടങ്ങനുസരിച്ച് നടത്തപ്പെട്ടത് ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുൻപായാലും പിൻപായാലും വിവാഹം ഉടമ്പടി ചെയ്യുന്ന കക്ഷികളിൽ വിവാഹ സമയത്ത് കുട്ടിയായിരുന്നയാളിന് ഇച്ഛാനുസരണം വിവാഹം അസാധുവാക്കാവുന്നതാണ് :

എന്നാൽ ഒരു ദുർബലപ്പെടുത്തുന്ന വിധികൊണ്ട് ഒരു ബാലവിവാഹം അസാധുവാക്കാനുള്ള ഒരു ഹർജി വിവാഹ സമയത്ത് വിവാഹ ഉടമ്പടി ചെയ്യുന്ന കക്ഷികളിൽ ബാലനായിരുന്ന ആൾക്ക് മാത്രം ജില്ലാകോടതിയിൽ ഫയൽ ചെയ്യാവുന്നതാണ്.

(2) ഹർജി ഫയൽ ചെയ്യുന്ന സമയത്ത്, ഹർജിക്കാരൻ ഒരു മൈനറാണെങ്കിൽ, ഹർജി അയാളുടെ അല്ലെങ്കിൽ അവളുടെ രക്ഷാകർത്താവ് അല്ലെങ്കിൽ ഉറ്റ ബന്ധു മുഖേന ബാലവിവാഹ നിരോധന ഉദ്യോഗസ്ഥനോടൊരുമിച്ച് ഫയൽ ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിലുള്ള ഹർജി ഏതു സമയത്തും എന്നാൽ ഹർജി ഫയൽ ചെയ്യുന്ന ബാലൻ പ്രായപൂർത്തിയായി രണ്ടു വർഷം തികയുന്നതിനു മുൻപ് ഫയൽ ചെയ്യാവുന്നതാണ്.

(4) ഈ വകുപ്പിൻകീഴിൽ ഒരു ദുർബലപ്പെടുത്തുന്ന വിധി അനുവദിക്കുമ്പോൾ, ജില്ലാകോടതി വിവാഹത്തിലെ ഇരുകക്ഷികളോടും അവരുടെ മാതാപിതാക്കളോടും അല്ലെങ്കിൽ അവരുടെ രക്ഷാകർത്താക്കളോടും മറുകക്ഷിക്ക് അല്ലെങ്കിൽ അയാളുടെയോ അവളുടെയോ മാതാപിതാക്കൾക്ക് അല്ലെങ്കിൽ രക്ഷാകർത്താവിന്, അതതു സംഗതിപോലെ, വിവാഹസമയത്ത് അവർക്ക് മറു ഭാഗത്തുനിന്നും ലഭിച്ച പണം, വിലയേറിയ വസ്തുക്കൾ, ആഭരണങ്ങൾ, കൂടാതെ മറ്റു സമ്മാനങ്ങൾ തിരികെ നൽകുവാൻ അല്ലെങ്കിൽ അങ്ങനെയുള്ള വിലയേറിയ വസ്തുക്കൾ, ആഭരണങ്ങൾ, മറ്റു സമ്മാനങ്ങൾ കൂടാതെ പണം എന്നിവയുടെ മൂല്യത്തിനു തുല്യമായ തുക തിരികെ നൽകുവാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് നൽകേണ്ടതാണ്:

എന്നാൽ ഈ വകുപ്പിൻകീഴിലെ യാതൊരു ഉത്തരവും, ബന്ധപ്പെട്ട കക്ഷികൾക്ക് ജില്ലാകോടതി മുമ്പാകെ ഹാജരാകുവാനും എന്തുകൊണ്ട് അങ്ങനെയുള്ള ഉത്തരവ് പാസ്സാക്കുവാൻ പാടില്ല എന്നതിന് കാരണം കാണിക്കുവാനും നോട്ടീസുകൾ നൽകാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

*ബാലവിവാഹത്തിലെ കരാറിലേർപ്പെടുന്ന സ്ത്രീ കക്ഷിയുടെ സംരക്ഷണത്തിനും അധിവാസത്തിനുമുള്ള വ്യവസ്ഥ.*

4. (1) 3-ാം വകുപ്പിൻകീഴിൽ ഒരു വിധി അനുവദിക്കുമ്പോൾ ജില്ലാ കോടതി, ബാലവിവാഹത്തിലെ കരാറിലേർപ്പെടുന്ന പുരുഷനായ കക്ഷിയോടോ അങ്ങനെയുള്ള വിവാഹത്തിലെ കരാറിലേർപ്പെടുന്ന, പുരുഷനായ കക്ഷി മൈനറാണെങ്കിൽ അയാളുടെ മാതാപിതാക്കളോടോ രക്ഷാകർത്താവിനോടോ ആ വിവാഹത്തിലെ കരാറിലേർപ്പെടുന്ന സ്ത്രീയായ കക്ഷിക്ക് അവരുടെ പുനർവിവാഹം വരെ ജീവനാംശം നൽകുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു ഇടക്കാല അല്ലെങ്കിൽ അന്തിമ ഉത്തരവുംകൂടി നൽകാവുന്നതാണ്.

(2) നൽകേണ്ടതായ ജീവനാംശത്തിന്റെ തോത് ജില്ലാകോടതി നിർണ്ണയിക്കേണ്ടത് ബാലികയുടെ ആവശ്യങ്ങൾ, അങ്ങനെയുള്ള ബാലിക അവളുടെ വിവാഹകാലയളവിൽ അനുഭവിച്ചിരുന്ന ജീവിതശൈലി, നൽകേണ്ട കക്ഷിയുടെ വരുമാനമാർഗ്ഗങ്ങൾ എന്നിവ കണക്കിലെടുത്തായിരിക്കണം.

(3) ജീവനാംശത്തുക പ്രതിമാസമായോ അല്ലെങ്കിൽ മൊത്തത്തുകയായോ നൽകുവാൻ നിർദ്ദേശിക്കാവുന്നതാണ്.

(4) 3-ാം വകുപ്പിൻകീഴിൽ ഹർജി നൽകുന്നത് കരാറിലേർപ്പെടുന്ന സ്ത്രീയായ കക്ഷിയാണെങ്കിൽ, ജില്ലാകോടതി അവളുടെ പുനർവിവാഹം വരെ അവളുടെ അധിവാസത്തിന് ഉചിതമായ ഒരു ഉത്തരവുംകൂടി നൽകാവുന്നതാണ്.

*ബാലവിവാഹങ്ങളിലുള്ള കുട്ടികളുടെ സൂക്ഷിപ്പും സംരക്ഷണവും.*

5. (1) ബാലവിവാഹത്തിൽ ജനിച്ച കുട്ടികൾ ഉള്ളിടത്ത് ജില്ലാ കോടതി, അങ്ങനെയുള്ള കുട്ടികളുടെ സൂക്ഷിപ്പിനെ സംബന്ധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(2) ഈ വകുപ്പിൻകീഴിൽ കുട്ടിയുടെ സൂക്ഷിപ്പിനായുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ കുട്ടിയുടെ ക്ഷേമത്തിനും ഉത്തമ താൽപര്യത്തിനുമായിരിക്കണം ജില്ലാകോടതി പരമമായ പരിഗണന നൽകേണ്ടത്.

(3) ഒരു കുട്ടിയുടെ സൂക്ഷിപ്പിനായുള്ള ഉത്തരവിൽ കുട്ടിയുടെ നന്മ നല്ലവണ്ണം നിറവേറ്റപ്പെടുന്നതിന് ഉതകുന്ന തരത്തിൽ മറ്റേ കക്ഷിക്ക് കുട്ടിയോട് അടുപ്പം കിട്ടുന്നതിനുവേണ്ട ഉചിത നിർദ്ദേശങ്ങളും കുട്ടിയുടെ നന്മക്ക് ജില്ലാകോടതിക്ക് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള മറ്റ് ഉത്തരവുകളും കൂടി ഉൾപ്പെടുത്താവുന്നതാണ്.

(4) വിവാഹത്തിലെ ഒരു കക്ഷിയാൽ അല്ലെങ്കിൽ അവരുടെ മാതാപിതാക്കളാൽ അല്ലെങ്കിൽ രക്ഷാകർത്താക്കളാൽ കുട്ടിക്ക് ജീവനാംശം നൽകുന്നതിനുവേണ്ട ഉചിതമായ ഉത്തരവ്കൂടി ജില്ലാകോടതിക്ക് നൽകാവുന്നതാണ്.

*ബാലവിവാഹത്തിൽ ജനിച്ച കുട്ടികളുടെ നിയമാനുസൃത പുത്രത്വം.*

6. 3-ാം വകുപ്പിൻകീഴിൽ ദുർബലപ്പെടുത്തുന്ന വിധി കൊണ്ട് ഒരു ബാലവിവാഹം അസാധുവാക്കിയിരുന്നാലും വിധി പുറപ്പെടുവിക്കുന്നതിനു മുമ്പ് അങ്ങനെയുള്ള വിവാഹത്തിൽ ജനിച്ച അല്ലെങ്കിൽ ഗർഭം ധരിച്ച ഓരോ കുട്ടിയെയും, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപോ പിൻപോ ജനിച്ചതായാലും, എല്ലാ ആവശ്യങ്ങൾക്കും നിയമാനുസൃത പുത്രത്വമുള്ള കുട്ടിയായി കണക്കാക്കേണ്ടതാണ്.

*4-ാം വകുപ്പിന്റെയോ 5-ാം വകുപ്പിന്റെയോ കീഴിൽ പുറപ്പെടുവിച്ച ഉത്തരവുകൾ ഭേദഗതി ചെയ്യുന്നതിനുള്ള ജില്ലാ കോടതിയുടെ അധികാരം.*

7. ജില്ലാകോടതിക്ക്, ഹർജി നിലവിലിരിക്കുന്ന ഏതൊരു സമയത്തും ഹർജി അന്തിമമായി തീർപ്പാക്കിയതിനുശേഷവും, സാഹചര്യങ്ങൾ എന്തെങ്കിലും മാറിയിട്ടുണ്ടെങ്കിൽ, 4-ാം വകുപ്പിന്റെയോ 5-ാം വകുപ്പിന്റെയോ കീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവിനോടും കൂട്ടിച്ചേർക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും റദ്ദുചെയ്യുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

*ഹർജി നൽകേണ്ടത് ഏത് കോടതിയിലായിരിക്കണമെന്ന്.*

8. 3-ഉം 4-ഉം 5-ഉം വകുപ്പുകളിൻകീഴിൽ നിവൃത്തി അനുവദിക്കേണ്ട ആവശ്യത്തിന് അധികാരിതയുള്ള ജില്ലാകോടതി എന്നതിൽ എവിടെയാണോ എതിർകക്ഷി അല്ലെങ്കിൽ ബാലൻ താമസിക്കുന്നത് അല്ലെങ്കിൽ എവിടെയാണോ വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെട്ടത് അല്ലെങ്കിൽ എവിടെയാണോ കക്ഷികൾ അവസാനം ഒരുമിച്ച് താമസിച്ചത് അല്ലെങ്കിൽ എവിടെയാണോ ഹർജി സമർപ്പിക്കുന്ന ദിവസം ഹർജിക്കാരൻ താമസിക്കുന്നത് ആ സ്ഥലത്തെ അധികാരിതയുള്ള ജില്ലാകോടതിയും ഉൾപ്പെടുന്നതാണ്.

*ഒരു ബാലികയെ വിവാഹം ചെയ്യുന്ന പ്രായപൂർത്തിയായ ആണിനുള്ള ശിക്ഷ.*

9. പതിനെട്ടു വയസ്സിനു മുകളിൽ പ്രായമുള്ള ഒരു പ്രായപൂർത്തിയായ ആണായിരിക്കെ ഒരു ബാലവിവാഹ കരാറിൽ ഏർപ്പെടുന്ന ഏതൊരാളും രണ്ടു വർഷം വരെയാകാവുന്ന കഠിന തടവിനോ, ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

*ബാലവിവാഹം ചടങ്ങനുസരിച്ച് നിർവ്വഹിക്കുന്നതിനുള്ള ശിക്ഷ.*

10. ഏതെങ്കിലും ബാലവിവാഹം നിർവ്വഹിക്കുകയോ നടത്തുകയോ നിർദ്ദേശിക്കുകയോ അല്ലെങ്കിൽ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും ആ വിവാഹം ഒരു ബാലവിവാഹമല്ലെന്ന് വിശ്വസിക്കുവാൻ തനിക്ക് കാരണമുണ്ടായിരുന്നുവെന്ന് അയാൾ തെളിയിക്കാത്തപക്ഷം, രണ്ടു വർഷംവരെ യാകാവുന്ന കഠിന തടവിന് ശിക്ഷിക്കപ്പെടേണ്ടതും ഒരു ലക്ഷം രൂപവരെ യാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

*ബാലവിവാഹം ചടങ്ങനുസരിച്ച് നിർവ്വഹിക്കുന്നതിന് പ്രേരിപ്പിക്കുകയോ അനുവദിക്കുകയോ ചെയ്യുന്നതിനുള്ള ശിക്ഷ.*

11. (1) ഒരു ബാലൻ ബാലവിവാഹത്തിൽ ഏർപ്പെടുന്നിടത്ത്, മാതാപിതാക്കൾ, രക്ഷാകർത്താവ് അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തി എന്ന നിലയിലോ നിയമാനുസൃതമോ അല്ലാത്തതോ ആയ ഒരു സംഘടനയിലെ അല്ലെങ്കിൽ വ്യക്തികളുടെ സമാജത്തിലെ ഏതെങ്കിലും ഒരു അംഗം ഉൾപ്പെടെ മറ്റേതെങ്കിലും നിലയിൽ ബാലന്റെ ചുമതലയുണ്ടായിരിക്കുന്നതും, ആ വിവാഹത്തിന് പ്രോത്സാഹനം നൽകുകയോ ചടങ്ങനുസരിച്ച് നടത്തുന്നതിന് അനുവദിക്കുകയോ അല്ലെങ്കിൽ അത് ചടങ്ങനുസരിച്ച് നിർവ്വഹിക്കപ്പെടുന്നത് ഉപേക്ഷയാൽ തടയാതിരിക്കുകയും ഒരു ബാലവിവാഹത്തിൽ സന്നിഹിതനാകുന്ന അല്ലെങ്കിൽ ഭാഗഭാക്കാകുന്നതുൾപ്പെടെയുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കഠിന തടവിന് ശിക്ഷിക്കപ്പെടേണ്ടതും ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയ്ക്കും കൂടി ബാദ്ധ്യസ്ഥനായിരിക്കേണ്ടതുമാണ്:

എന്നാൽ യാതൊരു സ്ത്രീയും തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, ഒരു മൈനർ ബാലൻ വിവാഹത്തിൽ ഏർപ്പെട്ടിരിക്കുന്നിടത്ത്, വിപരീതമായത് തെളിയിക്കാത്ത പക്ഷവും തെളിയിക്കുന്നതു വരെയും, അങ്ങനെയുള്ള മൈനർ ബാലന്റെ ചുമതലയുള്ളയാൾ ആ വിവാഹം ചടങ്ങനുസരിച്ച് നിർവ്വഹിക്കപ്പെടുന്നത് തടയാൻ ഉപേക്ഷയാൽ പരാജയപ്പെട്ടിട്ടുണ്ടെന്ന് അനുമാനിക്കേണ്ടതാണ്.

*ചില സാഹചര്യങ്ങളിൽ ഒരു മൈനറായ ബാലന്റെ വിവാഹം അസാധുവായിരിക്കുമെന്ന്.*

12. ഒരു ബാലൻ മൈനറായിരിക്കുന്നിടത്ത്—

(ക) നിയമാനുസൃത രക്ഷാകർത്താവിന്റെ സൂക്ഷിപ്പിൽ നിന്നും എടുത്തു മാറ്റുകയോ വശീകരിച്ച് കൊണ്ടുപോകുകയോ; അല്ലെങ്കിൽ

(ഖ) ബലമായി നിർബന്ധിച്ചോ ഏതെങ്കിലും കബളിപ്പിക്കുന്ന മാർഗ്ഗത്തിലൂടെയോ ഏതെങ്കിലും സ്ഥലത്തു നിന്നു പോകാൻ പ്രേരിപ്പിക്കുകയോ; അല്ലെങ്കിൽ

(ഗ) വിവാഹാവശ്യത്തിന് വിൽക്കുകയും; ഏതെങ്കിലും രീതിയിലുള്ള വിവാഹത്തിലൂടെ കടന്നു പോകാൻ ഇടയാക്കുകയും അല്ലെങ്കിൽ മൈനറെ വിൽക്കുകയോ വാണിഭം നടത്തുകയോ അസാന്മാർഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയോ ചെയ്തതിനുശേഷം മൈനർ വിവാഹിതനായതാണെങ്കിൽ,

അത്തരത്തിലുള്ള വിവാഹം ശൂന്യവും അസാധുവുമായിരിക്കുന്നതാണ്.

*ബാലവിവാഹങ്ങൾ നിരോധിച്ചു കൊണ്ട് ഇൻജങ്ഷൻ പുറപ്പെടുവിക്കുവാനുള്ള കോടതിയുടെ അധികാരം.*

13. (1) വിപരീതമായി ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ബാലവിവാഹ നിരോധന ഉദ്യോഗസ്ഥന്റെ ഒരു അപേക്ഷയിൻമേലോ, ഏതെങ്കിലും ആളിൽ നിന്നുള്ള പരാതിയിലൂടെയോ അല്ലാതെയോ ലഭിക്കുന്ന അറിവിൽ നിന്ന് ഒരു ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേട്ടിന് അല്ലെങ്കിൽ ഒരു മെട്രോപൊളിറ്റൻ മജിസ്ട്രേട്ടിന് ഈ ആക്റ്റിനെ ഉല്ലംഘിച്ചു കൊണ്ട് ഒരു ബാലവിവാഹം ഏർപ്പാടുചെയ്തിട്ടുള്ളതായോ ചടങ്ങനുസരിച്ച് നിർവ്വഹിക്കപ്പെടാൻ പോകുന്നതായോ ബോദ്ധ്യമായാൽ അങ്ങനെയുള്ള മജിസ്ട്രേട്ട്, ഒരു സംഘടനയിലെ അല്ലെങ്കിൽ വ്യക്തികളുടെ സമാജത്തിലെ ഒരംഗമായിരിക്കുന്നതുൾപ്പെടെയുള്ള, ഏതൊരാളിനും എതിരായി അത്തരത്തിലുള്ള വിവാഹം നിരോധിച്ചുകൊണ്ട് ഒരു ഇൻജങ്ഷൻ പുറപ്പെടുവിക്കേണ്ടതാണ്.

(2) ഒരു ബാലവിവാഹമോ അല്ലെങ്കിൽ ബാലവിവാഹങ്ങളോ ചടങ്ങനുസരിച്ച് നിർവ്വഹിക്കപ്പെടുവാൻ ഇടയുണ്ടെന്നതു സംബന്ധിച്ച് വ്യക്തിപരമായ അറിവോ വിശ്വസിക്കാൻ കാരണമോ ഉള്ള ഏതൊരു വ്യക്തിക്കും ന്യായയുക്തമായ അറിവുള്ള ഒരു സർക്കാരിതര സംഘടനയ്ക്കും (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു പരാതി കൊടുക്കാവുന്നതാണ്.

(3) ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേട്ട് അല്ലെങ്കിൽ മെട്രോപൊളിറ്റൻ മജിസ്ട്രേട്ട് കോടതിക്ക് വിശ്വാസയോഗ്യമായ ഏതെങ്കിലും റിപ്പോർട്ടിന്റെ അല്ലെങ്കിൽ അറിവിന്റെ അടിസ്ഥാനത്തിൽ സ്വമേധയായും നടപടി എടുക്കാവുന്നതാണ്.

(4) അക്ഷയതൃതീയ പോലെയുള്ള ചില പ്രത്യേക ദിവസങ്ങളിൽ സമൂഹ ബാലവിവാഹം ചടങ്ങനുസരിച്ച് നിർവ്വഹിക്കപ്പെടുന്നത് തടയുക എന്ന ആവശ്യങ്ങൾക്കായി ജില്ലാ മജിസ്ട്രേട്ടിനെ ഈ ആക്റ്റിനാലോ, അതിൻകീഴിലോ ബാലവിവാഹ നിരോധന ഉദ്യോഗസ്ഥന് നൽകപ്പെട്ടിട്ടുള്ള എല്ലാ അധികാരങ്ങളോടും കൂടിയ ഒരു ബാലവിവാഹ നിരോധന ഉദ്യോഗസ്ഥനായി കരുതപ്പെടേണ്ടതാണ്.

(5) ജില്ലാ മജിസ്ട്രേട്ടിന് ബാലവിവാഹം ചടങ്ങനുസരിച്ച് നിർവ്വഹിക്കപ്പെടുന്നത് മുടക്കുന്നതിന് അല്ലെങ്കിൽ തടയുന്നതിനുള്ള കൂടുതൽ അധികാരങ്ങൾ കൂടി ഉണ്ടായിരിക്കുന്നതും ഈ ആവശ്യത്തിലേക്കായി അദ്ദേഹത്തിന് യുക്തമായ എല്ലാ നടപടികളും എടുക്കാവുന്നതും ആവശ്യമായ ഏറ്റവും കുറഞ്ഞ ബലം പ്രയോഗിക്കാവുന്നതുമാണ്.

(6) (1)-ാം ഉപവകുപ്പിൻകീഴിലുള്ള യാതൊരു ഇൻജങ്ഷനും, ഏതെങ്കിലും ആൾക്കെതിരായി അല്ലെങ്കിൽ ഏതെങ്കിലും സംഘടനയിലെ അല്ലെങ്കിൽ വ്യക്തികളുടെ സമാജത്തിലെ ഏതെങ്കിലും അംഗത്തിനെതിരായി, കോടതി, അങ്ങനെയുള്ള ആൾക്ക് അല്ലെങ്കിൽ സംഘടനയിലെ അല്ലെങ്കിൽ വ്യക്തികളുടെ സമാജത്തിലെ അംഗങ്ങൾക്ക്, അതത് സംഗതിപോലെ, മുൻകൂട്ടി നോട്ടീസ് നൽകുകയും ഇൻജങ്ഷൻ പുറപ്പെടുവിക്കുന്നതിനെതിരായി കാരണംകാണിക്കുവാൻ അയാൾക്ക് അല്ലെങ്കിൽ അവർക്ക് അവസരം നൽകുകയും ചെയ്തിട്ടില്ലാത്തപക്ഷം, പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല:

എന്നാൽ ഏതെങ്കിലും അടിയന്തിരമായ സംഗതിയിൽ, കോടതിക്ക് ഈ വകുപ്പിൻകീഴിൽ യാതൊരു നോട്ടീസും കൊടുക്കാതെ ഇടക്കാല ഇൻജങ്ഷൻ ഉത്തരവ് പുറപ്പെടുവിക്കാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(7) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഒരു ഇൻജങ്ഷൻ, ആർക്കെതിരെയാണോ ആ ഇൻജങ്ഷൻ പുറപ്പെടുവിച്ചിട്ടുള്ളത് ആ കക്ഷിക്ക് നോട്ടീസ് കൊടുക്കുകയും അയാളെ കേൾക്കുകയും ചെയ്തതിനുശേഷം, സ്ഥിരപ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്.

(8) കോടതിക്ക് സ്വമേധയാ അല്ലെങ്കിൽ സങ്കടമുള്ള ഏതെങ്കിലും ആളുടെ അപേക്ഷയിൻമേൽ (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഒരു ഇൻജങ്ഷൻ റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(9) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു അപേക്ഷ ലഭിച്ചിട്ടുള്ളിടത്ത്, കോടതി, അപേക്ഷകന് നേരിട്ടോ വക്കീൽ മുഖേനയോ അതിന്റെ മുമ്പാകെ ഹാജരാകുന്നതിന് കാലേകൂട്ടി ഒരവസരം നൽകേണ്ടതും കോടതി അപേക്ഷകനെ കേട്ടശേഷം അപേക്ഷ പൂർണ്ണമായോ ഭാഗികമായോ തിരസ്ക്കരിക്കുന്നുവെങ്കിൽ അങ്ങനെ ചെയ്യുവാൻ അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തേണ്ടതും ആകുന്നു.

(10) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു ഇൻജങ്ഷൻ തനിക്കെതിരായി പുറപ്പെടുവിച്ചിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ട് അങ്ങനെയുള്ള ഇൻജങ്ഷൻ ലംഘിക്കുന്ന ഏതൊരാളെയും രണ്ടു വർഷം വരെയാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയോ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു:

എന്നാൽ യാതൊരു സ്ത്രീയെയും തടവുശിക്ഷ നൽകി ശിക്ഷിക്കുവാൻ പാടുള്ളതല്ല.

*ഇൻജങ്ഷൻ ഉത്തരവുകളെ ഉല്ലംഘിച്ചുകൊണ്ടുള്ള ബാലവിവാഹങ്ങൾ 1974-ലെ 2 അസാധുവായിരിക്കുമെന്ന്.*

14. 13-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല അല്ലെങ്കിൽ അന്തിമ ഇൻജങ്ഷൻ ഉത്തരവിനെ ഉല്ലംഘിച്ചുകൊണ്ട് ചടങ്ങനുസരിച്ച് നടത്തപ്പെടുന്ന ഏതൊരു ബാലവിവാഹവും ആരംഭത്തിലേ അസാധുവായതായിരിക്കുന്നതാണ്.

*കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം കൊടുക്കാൻ പാടില്ലാത്തതുമാണെന്ന്.*

15. 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം കോഗ്നൈസബിളും ജാമ്യം കൊടുക്കാൻ പാടില്ലാത്തതുമായിരിക്കുന്നതാണ്.

*ബാലവിവാഹ നിരോധന ഉദ്യോഗസ്ഥർ.*

16. (1) സംസ്ഥാന സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, സംസ്ഥാനത്തിന് മൊത്തമായോ ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കപ്പെട്ട അങ്ങനെയുള്ള അതിന്റെ ഭാഗത്തിനോ വേണ്ടി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രദേശത്തിന് അല്ലെങ്കിൽ പ്രദേശങ്ങൾക്കുമേൽ അധികാരിതയുള്ള ബാലവിവാഹ നിരോധന ഉദ്യോഗസ്ഥനെന്നറിയപ്പെടുന്ന ഒരു ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥരെയോ നിയമിക്കേണ്ടതാണ്.

(2) സംസ്ഥാന സർക്കാരിന്, സാമൂഹിക സേവനത്തിൽ റിക്കാർഡുള്ള പ്രദേശത്തെ മാന്യമായ ഒരു വ്യക്തിയോട് അല്ലെങ്കിൽ ഗ്രാമ പഞ്ചായത്ത് അല്ലെങ്കിൽ മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥനോട് അല്ലെങ്കിൽ ഒരു സർക്കാർ അല്ലെങ്കിൽ ഏതെങ്കിലും സർക്കാരിതര സംഘടനയിലെ ഭാരവാഹിയോട്, ബാലവിവാഹ നിരോധന ഉദ്യോഗസ്ഥനെ സഹായിക്കുവാൻ ആവശ്യപ്പെടുക കൂടി ചെയ്യാവുന്നതും അങ്ങനെയുള്ള വ്യക്തി, ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ഭാരവാഹി, അതതു സംഗതിപോലെ, അതനുസരിച്ച് പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(3) ബാലവിവാഹ നിരോധന ഉദ്യോഗസ്ഥന്റെ ചുമതലകൾ,—

(ക) അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അത്തരത്തിലുള്ള നടപടി കൈക്കൊണ്ട് ബാലവിവാഹങ്ങൾ ചടങ്ങനുസരിച്ച് നിർവ്വഹിക്കപ്പെടുന്നത് തടയുക;

(ഖ) ഈ ആക്റ്റിലെ വ്യവസ്ഥകൾ ഉല്ലംഘിക്കുന്ന ആളുകളുടെ ഫലപ്രദമായ പ്രോസിക്യൂഷനുവേണ്ട തെളിവ് ശേഖരിക്കുക;

(ഗ) ബാലവിവാഹം ചടങ്ങനുസരിച്ച് നിർവ്വഹിക്കപ്പെടുന്നതിനെ പ്രോത്സാഹിപ്പിക്കുകയോ സഹായിക്കുകയോ ഒത്താശ ചെയ്യുകയോ അനുവദിക്കുകയോ ചെയ്യുന്നതിൽ ഏർപ്പെടരുതെന്ന് വ്യക്തിപരമായ സംഗതികളിൽ ഉപദേശിക്കുകയോ ആ പ്രദേശത്തെ താമസക്കാരെ പൊതുവെ ഉത്ബോധിപ്പിക്കുകയോ ചെയ്യുക;

(ഘ) ബാലവിവാഹങ്ങളുടെ ഫലമായി ഉണ്ടാകുന്ന ദൂഷ്യത്തെ കുറിച്ച് അവബോധം ഉണ്ടാക്കുക;

(ങ) ബാലവിവാഹങ്ങളുടെ സംഗതിയിൽ സമുദായത്തെ സംവേദനക്ഷമതയുള്ളതാക്കുക;

(ച) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന തരത്തിലുള്ള കാലിക റിട്ടേണുകളും സ്ഥിതിവിവരക്കണക്കുകളും നൽകുക;

(ഛ) സംസ്ഥാന സർക്കാരിനാൽ അദ്ദേഹത്തിനു നൽകിയേക്കാവുന്ന അങ്ങനെയുള്ള മറ്റു കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുക എന്നിവയായിരിക്കുന്നതാണ്.

(4) സംസ്ഥാന സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, അങ്ങനെയുള്ള നിബന്ധനകൾക്കും പരിമിതികൾക്കും വിധേയമായി, വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചേക്കാവുന്ന, ഒരു പോലീസ് ഉദ്യോഗസ്ഥന്റെ അങ്ങനെയുള്ള അധികാരങ്ങൾ, ബാലവിവാഹ നിരോധന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കാവുന്നതും ബാലവിവാഹ നിരോധന ഉദ്യോഗസ്ഥൻ അങ്ങനെയുള്ള അധികാരങ്ങൾ വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും പരിമിതികൾക്കും വിധേയമായി പ്രയോഗിക്കേണ്ടതുമാണ്.

(5) ബാലവിവാഹ നിരോധന ഉദ്യോഗസ്ഥന് 4-ഉം 5-ഉം 13-ഉം വകുപ്പുകളിൻകീഴിലും കുട്ടിയോടൊന്നിച്ച് 3-ാം വകുപ്പിൻകീഴിലുമുള്ള ഒരു ഉത്തരവിനായി കോടതിയെ സമീപിക്കുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

*ബാലവിവാഹ നിരോധന ഉദ്യോഗസ്ഥർ പബ്ലിക് സർവ്വന്റുമാരായിരിക്കുമെന്ന്.*

1860-ലെ 45 17. ബാലവിവാഹ നിരോധന ഉദ്യോഗസ്ഥരെ ഇന്ത്യൻ ശിക്ഷാനിയമ സംഹിതയിലെ 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിൽ വരുന്ന പബ്ലിക് സർവ്വന്റുമാരായി കരുതപ്പെടേണ്ടതാണ്.

*ഉത്തമ വിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം.*

18. ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടമോ ഉത്തരവോ അനുസരിച്ച് ഉത്തമവിശ്വാസത്തോടുകൂടി ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് ബാലവിവാഹ നിരോധന ഉദ്യോഗസ്ഥനെതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

*ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം.*

19. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി സംസ്ഥാന സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്രവേഗം സംസ്ഥാന നിയമനിർമ്മാണ മണ്ഡലം മുൻപാകെ വയ്ക്കേണ്ടതാണ്.

1955-ലെ 25-ാം ആക്റ്റിന്റെ ഭേദഗതി.

20. 1955-ലെ ഹിന്ദു വിവാഹ ആക്റ്റിന്റെ 18-ാം വകുപ്പിൽ (ക) ഖണ്ഡത്തിനുപകരം താഴെപറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ക) 5-ാം വകുപ്പിന്റെ (iii)-ാം ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥ ഉല്ലംഘിക്കുന്ന സംഗതിയിൽ രണ്ടുവർഷം വരെയാകാവുന്ന കഠിന തടവോ അല്ലെങ്കിൽ ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ."

1929-ലെ 19 റദ്ദാക്കലും ഒഴിവാക്കലും.

21. (1) 1929-ലെ ശിശുവിവാഹ തടസ്സ ആക്റ്റ്, ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ പ്രസ്തുത ആക്റ്റിൻകീഴിൽ നിലവിലിരിക്കുന്നതോ തുടർന്നു വരുന്നതോ ആയ എല്ലാ കേസുകളും മറ്റു നടപടികളും, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ല എന്നപോലെ, റദ്ദാക്കപ്പെട്ട ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് തുടരേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

# THE PROHIBITION OF CHILD MARRIAGE ACT, 2006

(Act No. 6 of 2007)

ബാലവിവാഹ നിരോധന ആക്റ്റ്, 2006

(2007-ലെ 6-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | |
|---|---|---|
| 1. Access | അടുപ്പം | Sn. 5 (3) |
| 2. Decree of nullity | ദുർബലപ്പെടുത്തുന്ന വിധി | Sn. 3 (1) |
| 3. Deceitful means | കബളിപ്പിക്കുന്ന മാർഗ്ഗം | Sn. 12 (b) |
| 4. Enticed out | വശീകരിച്ചു കൊണ്ടുപോകുക | Sn. 12 (a) |
| 5. Legitimacy | നിയമാനുസൃത പുത്രത്വം | Sn. 6 |
| 6. Liable | ബാദ്ധ്യസ്ഥമായ | Sn. 10 |
| 7. Sensitice | സംവേദനക്ഷമതയുള്ളതാക്കുക | Sn. 16 (3) (e) |